Phone No. 2344.
കോട്ടയം—സ്റ്റാറിൽ ★ ഇന്നു രാത്രി
6.30-നും, 9.30-നും, മാറ്റിനി 3-ന്.
ശിവാജിഗണേശൻ, ആർ. ഗണേശൻ, സാവിത്രി, ദേവിക, രങ്കാറാവു, ചന്ദ്രബാബു in
ബന്ധപാശം (പുതിയ തമിഴ് ചിത്രം)
Morning Show on Saturday & Sunday
15th & 16th Dec: at 11 A. M.
Messrs. 20th Century Fox Presents:-
Starring: Gregory Peck, Ava Gardner,
Anthony Perkins In
Stanley Kramer's:
"ON THE BEACH"

Founded by Sri K. N. Sankunny Pillai, B. A. B. L.
Registered No. K. 379

ദേശബന്ധു

പ്രഭാതപ്പതിപ്പ്
വില 7 നയാപൈസ

Vol 14 കോട്ടയം, 1962 ഡിസംബർ 11 ചൊവ്വാ പേജ് 2 No. 200

Manufacturers of:
Mirror Polished Stainless Steel Household Utensils, Welders Hardware materials, Agricultural implements, Fishing Boat accessories like winches, otter Boards, Floats, ledweights etc.
West Coast Electroplating Co., Ltd.
ERNAKULAM.
Phone No: 115. Telegram: WEPCO.

1962 സെ:8-നുമുമ്പുള്ള സ്ഥാനങ്ങളിലേയ്ക്കു ചൈനപിൻവാങ്ങണം

അല്ലാത്തപക്ഷം ചൈനയുമായി കൂടിയാലോചനയ്ക്ക് ഇൻഡ്യക്കു സാദ്ധ്യമല്ല

ചൈനയുടെ ഏററവും ഒടുവിലത്തെ കത്തിലെ മൂന്നു ചോദ്യങ്ങൾക്കു മറുപടി നല്കിക്കൊണ്ട് പ്രധാനമന്ത്രി നെഹ്രു ലോക്സഭയിൽ ചെയ്ത പ്രഖ്യാപനം

ഇൻഡ്യൻഭടന്മാരുടെ വീരോചിതസമരത്തിന് അഭിനന്ദനം—കൊളംബോ കോൺഫറൻസിനെപ്പററി പരാമർശം—ചൈനീസാക്രമണത്തെ നേരിടുന്നതിനുള്ള പ്രമേയം ലോക്സഭ പാസ്സാക്കി

(പി. ടി. ഐ.) ന്യൂഡൽഹി, ഡിസമ്പർ 10

എല്ലാ മേഖലകളിലും 1962 സെപ്തംബർ 8—ാംനു-ക്കു മുൻപ് ചൈന നിന്നിരുന്ന സ്ഥാനങ്ങളിലേക്ക് അവർ പിൻവാങ്ങാതെ ചൈനാ-ഇന്ത്യാ അതിർത്തിപ്രശ്നത്തെ സംബന്ധിച്ച് ചൈനക്കാരുമായി ഒരു കൂടിയാലോചനയ്ക്കു ഇൻഡ്യയ്ക്കു സാദ്ധ്യമല്ലെന്ന് പ്രധാനമന്ത്രി നെഹ്രു ഇന്ന് ലോക്സഭയിൽ പ്രഖ്യാപിച്ചിരിക്കുന്നു.

"ചൈന ഇൻഡ്യയുടെമേൽ നടത്തിയ ആക്രമണത്തെ തുടർന്നുള്ള സ്ഥിതിഗതികൾ പരിഗണിക്കേണ്ടിയിരിക്കുന്നു" എന്ന പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു, ഇൻഡ്യ എന്നും സമാധാനപരമായ ഒരൊത്തുതീർപ്പിനുവേണ്ടിയാണ് നിലകൊണ്ടിരുന്നതെന്നും, എന്നാൽ ആക്രമണം തുടരുന്നിടത്തോളംകാലം നമുക്ക് ആനിലപാടു സ്വീകരിക്കാൻ സാദ്ധ്യമല്ലെന്നും, ഇതൊരു വസ്തുതയായി സ്വീകരിക്കാൻ നാം നിർബന്ധിതരായിരിക്കുകയാണെന്നുമാണ്.

ചൈനയുടെ ഏററവും ഒടുവിലത്തെ തമ്മമ്മാറാണ്ടത്തിൽ ഉന്നയിച്ചിരുന്ന 3 ചോദ്യങ്ങൾക്ക് വിശദമായി മറുപടി നൽകിക്കൊണ്ട് പ്രധാനമന്ത്രി, നവംബർ 14-ാംനു- സഭ ഏകകണ്ഠമായി പാസ്സാക്കിയ പ്രമേയത്തെ അനുസ്മരിപ്പിക്കുകയും "ആ പ്രതിജ്ഞയിൽത്തന്നെയാണ് നാം ഇന്നും നിലകൊള്ളുന്നതെ"ന്ന് പ്രസ്താവിക്കുകയും ചെയ്തു. പ്രധാനമന്ത്രിയുടെ പ്രസ്തുത പ്രഖ്യാപനത്തെ സഭ ഹർഷാരവത്തോടെയാണ് സ്വീകരിച്ചത്.

ഇൻഡ്യൻ ഭടന്മാരുടെ വീരോചിതസമരത്തിന് അഭിനന്ദനങ്ങൾ രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തിൽ, സമരം എത്ര സുദീർഘവും കഠിനവുമായിരുന്നാൽത്തന്നെയും ഭാരതത്തിന്റെ പുണ്യഭൂമി ചൈനീസാക്രമണകാരികളിൽനിന്നും സ്വതന്ത്രമാക്കുകതന്നെ ചെയ്യുമെന്നുള്ള ഇൻഡ്യൻജനതയുടെ തീരുമാനം ഉൾപ്പെടുത്തുവാച്ചിട്ടുണ്ട്.

വെടിനിറുത്തൽ നിർദ്ദേശത്തോട് ഇൻഡ്യ യോജിക്കുന്നുണ്ടോ ഇല്ലയോ എന്നുള്ള ചൈനയുടെ ആദ്യത്തെ ചോദ്യത്തെ സംബന്ധിച്ചു നെഹ്റു പറഞ്ഞതു്, ചീനാഗവണ്മെൻറിൻറെ ഈ വെടിനിറുത്തൽ പ്രഖ്യാപനം ഏകപക്ഷീയമായ ഒന്നാണെന്നാണ്. എന്നാൽ വെടിനിറുത്തലിനെ സംബന്ധിച്ചിടത്തോളം നാം അതു സ്വീകരിച്ചിട്ടുണ്ട്. വെടിനിറുത്തൽപ്രഖ്യാപനം നടപ്പിലാക്കുന്നതിനെ തടസ്സപ്പെടുത്തുന്ന യാതൊന്നും നമ്മൾ ചെയ്തിട്ടുമില്ല.

1959 നവ:7-ാംനുയിലെയഥാർത്ഥ നിയന്ത്രണരേഖയിൽനിന്ന് ഇരുപതു കിലോമീററർ വീതം ഇരുഭാഗങ്ങളിലേക്കും ഇരുകക്ഷികളുടെയും സായുധസേനകളെ പിൻവലിക്കുന്നതിനോട് ഇൻഡ്യാ ഗവ: യോജിക്കുന്നുണ്ടോ ഇല്ലയോ എന്ന രണ്ടാമത്തെ ചോദ്യത്തെ സംബന്ധിച്ച് നെഹ്രു ഇങ്ങനെ പറഞ്ഞു:— "പൊതുവായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഏർപ്പാടുകളുടെ അടിസ്ഥാനത്തിൽ സേനകളെ പിൻവലിക്കുന്നതിനോടു നമുക്കനുകൂലമാണുള്ളതു്. പക്ഷെ, 1962 സെപ്തംബർ 8-ാംനു- മുതൽ ചൈനീസ് ഗവ: ഇന്ത്യൻ പ്രദേശത്ത് ആക്രമിച്ചു കൈവശപ്പെടുത്തിയ സ്ഥലങ്ങളിൽനിന്ന പിൻവാങ്ങുകയെന്ന അടിസ്ഥാനത്തിലല്ലാതെ അത്തരമൊരേർപ്പാടിനോട് ഇൻഡ്യ യോജിക്കുന്നില്ല. ഇതിന്ത്യൻപ്രദേശമല്ലെന്നാണ് ചൈന തർക്കിക്കുന്നതെങ്കിൽ ഒരു നിയമക്കോടതിയുടേയോ അതുപോലുള്ള മറെറന്തെങ്കിലുമോ തീരുമാനത്തിനു വിടേണ്ട ഒരു പ്രശ്നമാണിതു്. അവർ ഇന്ത്യൻ പ്രദേശം കൈവശം വച്ചിരിക്കുന്നുവെന്നതാണ് യാഥാർത്ഥ്യം. ആർക്കും തർക്കിക്കാൻ സാദ്ധ്യമല്ലാത്ത ഒരു വസ്തുതയാണതു്. വസ്തുതകൾക്കു വിരുദ്ധമായതുകൊണ്ട് 1959 നവമ്പർ 7-ാം തീയതിക്ക് യഥാർത്ഥത്തിൽ നിയന്ത്രണത്തിൽ ഇരുന്നിരുന്നുവെന്നു പറയപ്പെടുന്ന ചൈനയുടെ വ്യാഖ്യാനത്തോട് ഇന്ത്യാ ഗവ: യോജിക്കുന്നില്ല. വസ്തുതകൾ

എന്താണെന്നു നിശ്ചയിക്കാൻ ഇരു ഗവണ്മെൻറുകളും തമ്മിൽ കൈമാറിയിട്ടുള്ള കത്തുകളിൽനിന്നു തന്നെ സാധിക്കുന്നതാണ്.

ഇന്ത്യ സമ്മതിച്ചാലുമില്ലെങ്കിലും, ഇരു രാജ്യക്കാരുടെയും ഉദ്യോഗസ്ഥന്മാർചേർന്ന് ഓരോപക്ഷത്തിൻെയും സൈന്യങ്ങളുടെ പിൻമാററക്കാര്യവും അസൈനീകൃത മേഖലാനിർണ്ണയക്കാര്യവും ചർച്ചചെയ്യേണ്ടതാണെന്നുള്ള ചൈനയുടെ മൂന്നാമത്തെനിർദ്ദേശത്തെക്കുറിച്ച് നെഹ്രു പറഞ്ഞതിപ്രകാരമാണ്: 'ഉദ്യോഗസ്ഥന്മാർ കൂടിക്കാഴ്ച നടത്തണമെങ്കിൽ അവർക്കു വെടിനിറുത്തലും പിൻമാററവും എപ്രകാരം പ്രാവർത്തികമാക്കാമെന്നുള്ളതിനെ ക്കുറിച്ചു വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചേതീരൂ. അല്ലാത്തപക്ഷം അവർക്കു പ്രവർത്തിക്കുവാൻ കഴിയാതെവരും. അതുകൊണ്ട് ഏതാണ് യഥാർത്ഥത്തിലുള്ള നിയന്ത്രണരേഖയെന്നുള്ളതു് നേരത്തെ നിശ്ചയിക്കപ്പെടണം. ഇന്ത്യ നിർദ്ദേശിച്ചതനുസരിച്ചുള്ള 1962 സെപ്തംബർ 8-ാം തീയതിയിലെ യഥാർത്ഥ നിയന്ത്രണരേഖയും, ചൈന നിർദ്ദേശിച്ചതനുസരിച്ചുള്ള 1959 നവമ്പർ 7-ാംതീയതിയിലെ നിയന്ത്രണരേഖയും തമ്മിൽ ഏതാണ്ട് 2500 ചതുരശ്രമൈലിൻെറ വ്യത്യാസമാണുള്ളതു്. ഇതുകൂടാതെ ഇന്ത്യൻ പ്രദേശങ്ങൾ കഴിഞ്ഞ മൂന്നുമാസക്കാലത്തെ വൻതോതിലുള്ള ആക്രമണത്തിൻെറ ഫലമായി ചൈന അധീനപ്പെടുത്തിയിട്ടുണ്ട്.

അതിർത്തിയെക്കുറിച്ചുള്ള അടിസ്ഥാനതർക്കങ്ങളും അവകാശങ്ങളും പാർലമെൻറ് അംഗീകരിക്കുന്നപക്ഷം ഹേഗിലെ അന്താരാഷ്ട്രനീതിന്യായക്കോടതിപോലുള്ള ഒരു അന്താരാഷ്ട്രസമിതിക്കു റഫർചെയ്യാൻ താൻ സന്നദ്ധനാണെന്നു് പ്രധാനമന്ത്രി അറിയിച്ചു. എന്നാൽ ഇതുതന്നെയും ആക്രമണപ്രദേശത്തുനിന്ന് ഒഴിയുകയും 1962 സെ: 8-നു മുൻപുള്ള താവളങ്ങളിലേയ്ക്കു് അവർ പിൻവാങ്ങുകയും ചെയ്താൽ മാത്രമേ ഉന്നിതമാകുന്നുള്ളു.

ചൈനയുടെ വാക്കുകൾ വിശ്വസിക്കാൻ സാദ്ധ്യമല്ലെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചു. ചൈനയുടെ അടിസ്ഥാനപരമായ വികസനമോഹവും സാമ്രാജ്യദുർമ്മോഹവും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനും പ്രദേശപരമായ അഖണ്ഡതയ്ക്കും നിരന്തരമായ ഒരു ഭീഷണിയാണ്.

ഇൻഡ്യയുടെമേലുള്ള ചൈനീസാക്രമണം നാം ഇന്നു സഹിക്കുന്നപക്ഷം, അതു് ഇൻഡ്യയ്ക്കു മാത്രമല്ല, ഏഷ്യൻരാജ്യങ്ങൾക്കുതന്നെ പൊതുവേ ഒരു ഭീഷണിയായി തുടരുന്നതാണെന്ന് അദ്ദേഹം പറഞ്ഞു. അതു് ലോകത്തിന് ഒരു ചീത്തകീഴ്വഴക്കമായിരിക്കും.

അതുകൊണ്ട് ഈ വെല്ലുവിളിയെ നേരിടാൻ നമ്മുടെ സകലകഴിവുകളോടുംകൂടി നാം ശ്രമിക്കുന്നതും നമ്മുടെ മാതൃഭൂമിയെ നാം സംരക്ഷിക്കുന്നതുമാണ്. അതേസമയം ഏതൊരു തർക്കവും പരിഹരിക്കുന്നതിന് സമാധാനപരമായ മാർഗ്ഗങ്ങൾ നാം ആരായുന്നവയിരിക്കും. എന്നാൽ ഏതു കഷ്ടനഷ്ടങ്ങൾക്കുമെന്നുള്ളപക്ഷം സമാധാനപരമായ ഒരു സമീപനത്തിനുള്ള വ്യവസ്ഥകൾ സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു.

ലോകമനസ്സാക്ഷിയെ അപമാനിക്കുകയാണ് ചൈന ചെയ്യുന്നതെന്ന് പ്രധാനമന്ത്രി പ്രസ്താവിച്ചു. സമാധാനപൂർവ്വവും യുക്തിയുക്തവുമായ നമ്മുടെ സമീപനം ചൈനയ്ക്കു സ്വീകാര്യമായിരിക്കുമെന്നാണ് നാം ഇപ്പോഴും പ്രതീക്ഷിക്കുന്നതു്. അല്ലാത്തപക്ഷം ഈ സംഘട്ടനം പടർന്നുപിടിക്കുന്നതും വ്യാപകമായ അനിഷ്ടങ്ങൾ വരുത്തിവയ്ക്കുന്നതുമായിരിക്കും. ഇൻഡ്യയേയോ ചൈനയേയോമാത്രമല്ലാ, ലോകം മുഴുവൻതന്നെ അതു വ്യാപിക്കുകയും ചെയ്യും.

കൊളംബോ കോൺഫറൻസിനെ പരാമർശിച്ചുകൊണ്ട് അവരുടെ സൗഹൃദവികാരങ്ങളെയും ഈ പ്രതിസന്ധി പരിഹരിക്കുന്നതിനോ, അല്ലെങ്കിൽ ലഘൂകരിക്കുന്നതിനോ ഉള്ള അവരുടെ ആത്മാർത്ഥമായ ശ്രമത്തേയും നാം അംഗീകരിക്കുന്നുവെന്നു നെഹ്രു പ്രസ്താവിച്ചു. ആക്രമണം, വികസനമോഹം, സാമ്രാജ്യത്വം എന്നിവയോട് യാതൊരൊത്തുതീർപ്പുമില്ലെന്നും കക്ഷികൾ തങ്ങളിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിന് സമാധാനപരമായി ശ്രമിക്കുന്നതിനുമുപായി ആക്രമണത്തിൽ നിന്നുണ്ടായിട്ടുള്ള നേട്ടങ്ങൾ ഉപേക്ഷിക്കേണ്ടതാണെന്നുമുള്ള നിലപാടിനെ അവർ അഭിനന്ദിക്കുമെന്നു താൻ വിശ്വസിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഗവ: നയം ലോക്സഭ പാസ്സാക്കി

അതിർത്തി സ്ഥിതിഗതികളെക്കുറിച്ചുള്ള ചർച്ചയ്ക്കുശേഷം ഇന്ത്യാഗവണ്മെൻറിൻെറ ചൈനീസാക്രമണത്തെ നേരിടുന്നതിനുള്ള നയപരിപാടികൾ ലോക്സഭ ഇന്നു പാസ്സാക്കുകയുണ്ടായി.

"കേന്ദ്ര ക്യാബിനററിൽ നിന്നും വയസ്സൻമാർ മാറണമെന്ന് രാജഗോപാലാചാരി പറഞ്ഞല്ലോ."

"അസൂയയ്ക്കു കഷണ്ടിക്കു മരുന്നില്ലാശാനെ. ഇതു രണ്ടും സമ്മതിയായി വഹിച്ചുകൊണ്ടു നടക്കുന്നയാളാണ് അദ്ദേഹം—."

നാടിൻെറ രക്ഷയ്ക്ക്

വ്യവസായങ്ങളും വയലുകളും ആയുധങ്ങൾക്കു സമം പ്രധാനം.

മുഖപ്രസംഗവും വാർത്തയും പ്രസിദ്ധീകരിക്കുമ്പോൾ

പത്രങ്ങൾ കൂടുതൽ സഹിഷ്ണത പാലിക്കണമെന്ന് ആഭ്യന്തരമന്ത്രി ശാസ്ത്രിയുടെ ഉൽബോധനം

(പി. ററി. ഐ.) ന്യൂഡൽഹി, ഡിസം: 10

ചൈനീസാക്രമണംമൂലം ഇന്ത്യയിലുണ്ടായിരിക്കുന്ന പ്രതിസന്ധിയിൽ പത്രപ്രവർത്തകർ ജാഗ്രതയോടെ വാർത്തകൾ പ്രസിദ്ധീകരിക്കണമെന്നും മുഖപ്രസംഗങ്ങളും വാർത്തകളും പ്രസിദ്ധീകരിക്കുമ്പോൾ കൂടുതൽ സഹിഷ്ണതപാലിക്കണമെന്നും ആഭ്യന്തരമന്ത്രി ശാസ്ത്രി പത്രപ്രവർത്തകരെ അറിയിച്ചിരിക്കുന്നു.

രാജ്യത്തിൻെറ ആവശ്യം എന്താണെന്നുള്ളതിനാണ് പ്രഥമപരിഗണന. സമാധാനകാലത്തു നടത്താറുള്ള വിമർശനങ്ങൾ പാടേ ഉപേക്ഷിക്കുകതന്നെവേണം. ഗവണ്മെൻറിനെ ശക്തിഹീനമാക്കുന്നതോ, ജനങ്ങളുടെ മനോവീര്യത്തെ കെടുത്തുന്നതോ ആയ യാതൊരു വിമർശനങ്ങൾക്കും പത്രങ്ങളിൽ ഇടം നൽകരുതു്. ആത്മാർത്ഥമായ വിമർശനവും അഭിപ്രായവ്യത്യാസവും സ്വാഗതാർഹംതന്നെ. പക്ഷെ, വിമർശനങ്ങൾ പരിധി ലംഘിച്ചുപോയാൽ അപകടമാണെന്നു ശാസ്ത്രി ചൂണ്ടിക്കാട്ടി.

സിവിൽ ഡിഫെൻസിനെപ്പററിയും സൈനിക സഹായങ്ങളെപ്പററിയുമുള്ള വാർത്തകൾ തെററാണെന്നുള്ള ഒരഭിപ്രായം ജനങ്ങളിൽ വരുത്തിയാൽ എല്ലാ സൈനിക തയ്യാറെടുപ്പുകളും ജനങ്ങളുടെ ആവേശവും കെടുത്തുകതന്നെ ചെയ്യുമെന്ന് ശാസ്ത്രി ചൂണ്ടിക്കാട്ടി. പത്രങ്ങളുടെമേൽ യാതൊരു നിയന്ത്രണവും ഏർപ്പെടുത്താൻ ഗവ: ഉദ്ദേശിക്കുന്നില്ല. അവരുടെ സ്വാതന്ത്ര്യത്തെ നിഹനിക്കണമെന്നു ആഗ്രഹമില്ല. എന്നാൽ സഹായകരമല്ലാത്ത വിമർശനങ്ങൾ ഏതുവിധത്തിൽ നിയന്ത്രിക്കണമെന്നുള്ളതാണ് അവശേഷിക്കുന്ന പ്രശ്നം. വിദേശരാജ്യങ്ങളിലെ വായനക്കാരുടെയും എഴുത്തുകാരുടെയും മാനദണ്ഡം വളരെ ഉയർന്നതാണെന്നും പൊതുജനാഭിപ്രായംതന്നെ ഉന്നതമായ നിലയിലാണെന്നും ആഭ്യന്തരമന്ത്രി ചൂണ്ടിക്കാട്ടി.

ഇന്ത്യയ്ക്ക് അമേരിക്കൻ സഹായം തുടർന്നുലഭിക്കും

ചീനയുടെ കയ്യേററത്തിന് അതിർത്തിത്തർക്കത്തിലുംകവിഞ്ഞ ലക്ഷ്യങ്ങൾ

അമേരിക്കൻ അസി: സ്ററേറ്റ് സെക്രട്ടറിയുടെ പ്രസ്താവന—ഇന്ത്യ റഷ്യൻസഹായം നേടുന്നതിൽ അമേരിക്കർക്കെതിരില്ല

വാഷിംഗ്ടൺ, ഡിസ. 9

ചീനസ്സ് അതിർത്തിത്തർക്കത്തേക്കാൾ കവിഞ്ഞ ലക്ഷ്യങ്ങളുണ്ടെന്ന് തിരിച്ചും വ്യക്തമായിട്ടുള്ളതുകൊണ്ട് ഇന്ത്യയുടെനേർക്കുള്ള കമ്യൂണിസ്റ്റ്ചീനയുടെ ആക്രമണം സ്വതന്ത്രലോകത്തെ സംബന്ധിച്ചിടത്തോളം 'വളരെ പ്രധാനപ്പെട്ട ഒരുപ്രശ്ന'മാണെന്നു അമേരിക്കയുടെ വിദൂരപൗരസ്ത്യകാര്യങ്ങൾക്കുള്ള അസിസ്റ്റൻറു സെക്രട്ടറി ആവൽ ഹാരിമാൻ ഇന്നു ചൂണ്ടിക്കാട്ടി.

'പ്രശ്നങ്ങളും ഉത്തരങ്ങളും' എന്ന ഒരു ടെലിവിഷൻ പരിപാടിയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയായിരുന്നു ഹാരിമാൻ. തെക്കുകിഴക്കേ ഏഷ്യയിൽ തങ്ങൾക്ക് ഇഷ്ടാനുസരണം പ്രവർത്തിക്കാൻ സാധിക്കുമാറ് ഇന്ത്യയെ ബഹിഷ്കരിപ്പെടുത്തുക എന്നതാവണം പീക്കിങ്ങിൻെറ ഉദ്ദേശമെന്ന് അദ്ദേഹം പറഞ്ഞു.

"സ്വതന്ത്രലോകത്തിന് ഇതുവളരെ പ്രധാനപ്പെട്ട ഒരു കാര്യമാണെന്നു ഞാൻ കരുതുന്നു" എന്നാണ് അദ്ദേഹം തുടർന്ന് പറഞ്ഞതു്.

സമരം നീണ്ടുനിൽക്കുമെന്നു് വ്യക്തമാണ്. അമേരിക്ക അടിയന്തിരമായ സൈനികസഹായം നൽകിക്കഴിഞ്ഞിരിക്കുമെന്നും പക്ഷെ ദീർഘകാലസഹായത്തെക്കുറിച്ച് ഇനിയും തീരുമാനമെടുത്തിട്ടില്ലെന്നും അദ്ദേഹം വ്യക്തമാക്കി.

ഇന്ത്യാഗവണ്മെൻറും ഇന്ത്യയുടെ സൈനികോദ്യോഗസ്ഥന്മാരും ഒരു ദീർഘകാല രാജ്യരക്ഷാപരിപാടി തയ്യാറാക്കിവരികയാണ്. പക്ഷെ അതിൻെറ വിശദവിവരങ്ങൾ തങ്ങൾക്ക് ഇനിയും ലഭിച്ചിട്ടില്ല. അതു തയ്യാറാക്കിക്കഴിയുമ്പോൾ അതേക്കുറിച്ച് കൂടുതൽ പഠിക്കുന്നതും പ്രസിദ്ധണ്ട് ഒരു തീരുമാനമെടുക്കുന്നതുമാണ്.

കാശ്മീർതർക്കം

കാശ്മീർതർക്കത്തെപ്പററി ചർച്ചനടത്താൻ ഇന്ത്യയും പാകിസ്ഥാനും സമ്മതിച്ചതിനെ ഹാരിമാൻ സ്വാഗതംചെയ്തു.

കൂടിയാലോചനകളിൽ ശുഭാപ്തിവിശ്വാസമാണോ ഉള്ളതെന്ന് ചോദിച്ചതിന് ഹാരിമാൻ പറഞ്ഞതിതാണ്: "സ്വതന്ത്രലോകത്തിൻെറ മുമ്പിലുള്ള ഏററവും പ്രധാനപ്രശ്നം ഇതാണെന്നു് ഞാൻ കരുതുന്നു."

"ഇരു രാജ്യങ്ങളും യോജിക്കാതെ ഉപഭൂഖണ്ഡത്തിൻെറ രക്ഷനോക്കാനാവില്ല. കാശ്മീർപ്രശ്നം പരിഹരിക്കാൻകഴിഞ്ഞാൽ രാജ്യരക്ഷ സംബന്ധിച്ച് പ്രവർത്തിക്കാനാവുമെന്ന് ഇരു രാജ്യങ്ങൾക്കും ബോദ്ധ്യമായിട്ടുണ്ട്. ഒരു ഒത്തുതീർപ്പുണ്ടാക്കുക വളരെ പ്രയാസമുള്ള കാര്യമാണ്. പക്ഷെ ഒത്തുതീർപ്പ് അത്യാവശ്യമായതുകൊണ്ട്, നിശ്ചയദാർഢ്യവും ക്ഷമയുമുണ്ടെങ്കിൽനമുക്ക് അതു് കണ്ടെത്താൻ കഴിയുമെന്നാണ് എൻെറ വിശ്വാസം."

റഷ്യയുടെ നിലപാട്

ഇന്ത്യയും ചൈനയും തമ്മിലുള്ള തർക്കം പരിഹരിച്ചുകാണാൻ റഷ്യ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടോ എന്ന് ചോദിച്ചതിന്, അവർ ഇക്കാര്യത്തിൽ എന്തെങ്കിലും ചെയ്യുന്നുണ്ടോ എന്ന് തനിക്ക് അറിഞ്ഞുകൂടെന്നാണ് അദ്ദേഹം നൽകിയ മറുപടി. "തർക്കം പരിഹരിക്കാൻ റഷ്യാക്കാർ ശ്രമിക്കുന്നുവെന്നതിന് എനിക്കു തെളിവൊന്നുമില്ല. ചില

അറിയിപ്പ്

പ്രസ്തുതിന് അവിചാരിതമായുണ്ടായ തകരാറുമൂലം പതിവുപോലെ നാലുപേജിൽ പത്രം പ്രസിദ്ധപ്പെടുത്തുവാൻ സാധിക്കാത്തതിൽ ഖേദിക്കുന്നു. മാന്യവായനക്കാർ ക്ഷമിക്കുമല്ലോ.

മാനേജർ.

അങ്കമാലിയിലെ ഹെവിടാൻസ്ഫോർമർ ഫാക്ടറി

കരാറിലെത്തിച്ചേർന്നു

(സ്വ—ലേ) തീര: ഡി: 10

അങ്കമാലിയിൽ ഒരു ഹെവിടാൻസ്ഫോർമർ ഫാക്ടറിസ്ഥാപിക്കുന്നതുസംബന്ധിച്ച് കേരളഗവണ്മെൻറും ജപ്പാനിലെ ഹിറാറാച്ചി കമ്പനിയുമായി ഇന്നിവിടെവച്ച് ഒരു കരാറിലെത്തിച്ചേർന്നിരിക്കുന്നു. രണ്ടു വർഷത്തിനകം ഈ ഫാക്ടറിയിൽ 750-ഓളം ആളുകൾക്കു ജോലി നൽകാൻ സാധിക്കുമെന്നും, 1000 മുതൽ 50000 വരെ കിലോവാട്സ് വിദ്യുച്ഛക്തി ഉൽപ്പാദിപ്പിക്കാൻ കഴിയുമെന്നും കണക്കാക്കപ്പെടുന്നു.

അറസ്റ്റ് ചെയ്തു

(സ്വ—ലേ) തീര: ഡിസം: 10

കമ്യൂണിസ്റ്റ് പ്രവർത്തകനും വിശ്വകേരളം പത്രാധിപരുമായ കെ. അനിരുദ്ധനെയും, കമ്യൂണിസ്റ്റ്പാർട്ടി സ്റ്റേറ്റ്കൗൺസിലിലെ ഒരംഗമായ അഴീക്കോട് രാഘവനേയും ഇന്ന് ഇവിടെവച്ച് അറസ്റ്റുചെയ്തിരിക്കുന്നു. ഇന്നുരാവിലെ വിശ്വകേരളം പത്രമാപ്പീസ് പോലീസ് പരിശോധിച്ചതിൽ ഡിഫൻസ്ഫണ്ട് ചില കോൺഗ്രസ് മണ്ഡലങ്ങൾ ദുരുപയോഗപ്പെടുത്തുന്നുവെന്നുള്ള കൈയെഴുത്തുപ്രതി കണ്ടെടുത്തിട്ടുണ്ടെന്നറിയുന്നു. രാജ്യരക്ഷാനിയമത്തെ സരിച്ച് കേരളത്തിൽനിന്നും ഇതുവരെ 40 പേർ അറസ്റ്റ്ചെയ്യപ്പെട്ടിട്ടുണ്ട്.

കൊളമ്പുസമ്മേളനം ഇന്നലെആരംഭിച്ചു

വെടിനിറുത്തൽനിർദ്ദേശത്തോടു യോജിക്കണമെന്നും അസൈനീകൃതമേഖലയുടെ വിസ്തൃതി ഇരുരാജ്യങ്ങളും ചേർന്നു് നിർണ്ണയിക്കണമെന്നും ഘാനാ

സമ്മേളനം ഇന്ത്യയ്ക്കോ ചൈനയ്ക്കോ ഒരു കോടതിയായിത്തീരരുതെന്ന് യു. എ. ആർ. പ്രതിനിധി ആലിസാബ്രി

(പി. ടി. ഐ.) കൊളംബോ ഡിസ: 10

ഇന്തോ-ചീനാ അതിർത്തിത്തർക്കത്തിനു പരിഹാരമാരായുവാൻ ഒരു സംയുക്തശ്രമം നടത്തുന്നതിനു സിലോൺ ഗവ: മുൻകൈയെടുത്തു നടത്തുന്ന ആറു ചേരിചേരാരാഷ്ട്രങ്ങളുടെ കൊളംബോസമ്മേളനം ഇന്നിവിടെ രാവിലെ പത്തുമണിക്ക് ആരംഭിച്ചിരിക്കുന്നു.

ബന്ദുംഗ്സമ്മേളനത്തിനു മുന്നോടിയായിരുന്ന ഏഷ്യൻ പ്രധാനമന്ത്രിമാരുടെ സമ്മേളനത്തിനും കൊളംബോ പ്ളാനിനും ജന്മംനൽകിയ കൊളംബോശക്തിയുടെ സമ്മേളനസ്ഥലമായിരുന്ന സെനററുഹാളിൽവച്ചാണ് ഈ സമ്മേളനമാരംഭിച്ചിട്ടുള്ളതു്.

ഒൻപതേമുക്കാൽമണിയായതോടുകൂടി സമ്മേളനത്തിൽ പങ്കെടുക്കുന്ന രാഷ്ട്രങ്ങളുടെ പതാകകൾ പുറമേ പാറിയിരുന്ന ഇസെനററുഹാളിലേയ്ക്കു പ്രതിനിധികൾ ആഗതരാവാൻ തുടങ്ങി.

സമ്മേളനസ്ഥലത്തു് ആദ്യം എത്തിയതു് കാമ്പോഡിയായിലെ സിഹാനോക്ക് രാജകുമാരനായിരുന്നു. ഉപദേഷ്ടാക്കളാൽ പരിസേവിതനായിരുന്ന അദ്ദേഹം കൃത്യം 9.50-ന് ഹാളിൽ പ്രവേശിച്ചു. നാലു മിനിട്ടിനുശേഷം ബർമ്മായുടെ ജനറൽ നീവിനും പ്രതിനിധികളും ചേംബറിൽ എത്തിച്ചേർന്നു.

പിന്നീട് ഹാളിൽ പ്രവേശിച്ചതു് ഇന്തോനേഷ്യയിലെ ഡോ: സുബന്ദ്രിയോയായിരുന്നു. തുടർന്ന് വർണ്ണശബളമായ ദേശീയവേഷങ്ങളോടുകൂടി ഘാനാപ്രതിനിധിസംഘവും വന്നെത്തി. പത്തുമണിയടിച്ചുകൊണ്ടിരിക്കുമ്പോൾ ഐക്യഅറബി റിപ്പബ്ളിക്കിൻെറ പ്രതിനിധിസംഘവും തുടർന്ന് പ്രധാനമന്ത്രി മിസ്റ്റർ ശാസ്ത്രിയുമായി ചോബന്ദാരനായകെയുടെ നേതൃത്വത്തിലുള്ള സിലോൺ പ്രതിനിധിസംഘവും കോൺഫറൻസ് ഹാളിലേക്കു പ്രവേശിച്ചു.

മൂന്നോ നാലോ ദിവസത്തേക്കു നീണ്ടുനിന്നേക്കാവുന്ന കൊളംബോ സമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിക്കുന്നതു്, ആതിഥേയരാജ്യമായ സിലോണിൻെറ പ്രധാനമന്ത്രിയായിരിക്കും.

പ്രാരംഭസമ്മേളനം

ഏകദേശം ഒരുമണിക്കൂറോളം നീണ്ടുനിന്ന കൊളംബോ സമ്മേളനത്തിൻെറ പ്രാരംഭയോഗത്തിൽ ക്ഷണിക്കപ്പെട്ടതനുസരിച്ച് എല്ലാ നയതന്ത്രപ്രതിനിധികളും, പത്രങ്ങൾ, ടെലിവിഷൻ എന്നിവയുടെ പ്രതിനിധികളും ഫോട്ടോഗ്രാഫറന്മാരും പങ്കെടുക്കുകയുണ്ടായി. ലോകത്തിൻെറ നാനാഭാഗത്തുനിന്നും പത്രങ്ങളുടെയും ടെലിവിഷൻെറയും മററും പ്രതിനിധികൾ സമ്മേളനവിവരങ്ങൾ റിപ്പോർട്ടുചെയ്യുവാനിവിടെയെത്തിയിട്ടുണ്ട്.

പ്രാരംഭസമ്മേളനത്തിനു ശേഷം ക്ഷണിക്കപ്പെട്ടിരുന്ന നയതന്ത്ര പ്രതിനിധികളും പത്രപ്രതിനിധികളുമെല്ലാം ഹാൾ വിട്ടുപോവുകയും കൊളംബോസമ്മേളനത്തിൻെറ രഹസ്യസമ്മേളനമാരംഭിക്കുകയുംചെയ്തു.

സിലോൺ പ്രധാനമന്ത്രിയുടെ പ്രസംഗം

ആറു് ചേരിചേരാരാഷ്ട്രങ്ങളുടെ കൊളംബോ സമ്മേളനത്തിൽ സിലോൺ പ്രധാനമന്ത്രി നടത്തിയ ഉപക്രമപ്രസംഗത്തിൽ, ചേരിചേരാരാഷ്ട്രങ്ങളെ തമ്മിൽ ഏകോപിപ്പിക്കുന്ന പരസ്പരസാഹോദര്യത്തിൻെറയും ധാരണകളുടെയും ഒരു പ്രതീകമാണ് ഇന്നത്തെ ഈ സമ്മേളനമെന്ന് വിശേഷിപ്പിക്കുകയുണ്ടായി. അവർ ഇപ്രകാരം തുടർന്നു:—

സൺയാററ്സെൻ തുടങ്ങിയ മഹാന്മാർ സ്ഥാപിച്ച മഹത്തായ പാരമ്പര്യങ്ങൾ

അവയൊക്കെ ഈ യുദ്ധംമൂലം ചൈനാക്കാർ ചവിട്ടിമെതിക്കയാണുചെയ്തതെന്ന് മുൻ രാജ്യരക്ഷാമന്ത്രി കൃഷ്ണമേനോൻ

കുറച്ചുഭൂമിക്കുവേണ്ടിയായിരുന്നില്ല, ചെറിയ രാജ്യങ്ങളെ ഭീഷണിപ്പെടുത്താനായിരുന്നു ചൈനയുടെ ആക്രമണം

(പി-ററി-ഐ) ബോംബെ, ഡിസ: 10

കുറച്ചു ഭൂമിക്കുവേണ്ടിയുള്ള ഒരു യുദ്ധമല്ലാ ചൈനാക്കാർ അഴിച്ചുവിട്ടതെന്നും ചെറിയ രാജ്യങ്ങളെ ഭീഷണിപ്പെടുത്താനുള്ള ഒരടവായിരുന്നു അതെന്നും വി. കെ. കൃഷ്ണമേനോൻ ഒരു പൊതുയോഗത്തിൽ സംസാരിച്ചുകൊണ്ട്, കൊളമ്പിൽ ചേരുന്ന ചേരിചേരാ രാഷ്ട്രങ്ങൾക്കു മുന്നറിയിപ്പുനൽകിയിരിക്കുന്നു.

ഇന്ത്യയുടെ ജനലക്ഷങ്ങൾ നിശ്ചയദാർഢ്യത്തോടെ ഉള്ള കഴിവുകൾ വിനിയോഗിച്ച് പ്രതിരോധം നിർവഹിച്ചു. എന്നാൽ ഈ വലിയ രാക്ഷസന്റെ ഭീഷണി ഒരു ചെറിയ രാജ്യം എങ്ങിനെ നേരിട്ടുമെന്ന് ഊഹിക്കാൻ പോലും കഴിയുകയില്ലെന്ന് മേനോൻ ചൂണ്ടിക്കാട്ടി. ഇതാണ് ചൈനീസാക്രമണത്തിന്റെ ആന്തരോദ്ദേശമെന്നും ഇതു മനസ്സിലാക്കി മുന്നോട്ടു നീങ്ങുകയാണ് കൊളംബസമ്മേളനം ചെയ്യേണ്ടതെന്നും അദ്ദേഹം പറയുകയുണ്ടായി. ചൈനയ്ക്കെതിരായുള്ള ഇന്ത്യയുടെ യുദ്ധം ഇന്ത്യയ്ക്കുവേണ്ടി മാത്രമുള്ളതായിരുന്നില്ല. രാജ്യങ്ങൾതമ്മിലുള്ള പെരുമാററസംഹിതയ്ക്കുവേണ്ടിക്കൂടിയായിരുന്നു ഈ യുദ്ധം. ഈ യുദ്ധംമൂലം സ്നേഹിതരായി വർത്തിച്ചിരുന്ന ഇന്ത്യയെ ചതിച്ചു എന്നു മാത്രമല്ല, സൺയാററ്സെൻ തുടങ്ങിയ ചൈനയിലെ മഹാരഥന്മാർ സ്ഥാപിച്ച മഹത്തായ പാരമ്പര്യങ്ങളേയും ചവിട്ടിമെതിക്കയാണ് അവർ ചെയ്തതെന്നും മേനോൻ പ്രസ്താവിക്കുകയുണ്ടായി.

ഏററമാന്തരിൽ

ഇന്നു 11-12-'62 ചൊവ്വാഴ്ച രാവിലെ 10.30-ന്

ഉൽഘാടനം ചെയ്യുന്നു.

അഷ്ടവൈദ്യൻ, ധന്വന്തരിദാസ് ഒളശ്ശമുസ് വക

ഒളശ്ശ ധന്വന്തരിവിലാസം ആയുർവ്വേദ വൈദ്യശാല

[H.O. ചീരട്ടമൺ ഇല്ലം (ഫോൺ: 2000) ഒളശ്ശ]

ബ്രാഞ്ച്: ഏററമാന്തൂർ

ജംഗ്ഷനു സമീപം പുല്ലുകാലായിൽ ബിൽഡിംഗ്സിൽ ഇന്നുരാവിലെ (11-12-'62 ചൊവ്വാഴ്ച) 10.30-ന് ഉൽഘാടനം ചെയ്തു പ്രവർത്തനമാരംഭിക്കുന്നതാണ്. എല്ലാ ബഹുജനങ്ങളുടേയും സാന്നിദ്ധ്യസഹകരണം ക്ഷണിച്ചുകൊള്ളുന്നു. ഇന്നേദിവസം അഷ്ടവൈദ്യൻ, ധന്വന്തരിദാസ് ഒളശ്ശ ചീരട്ടമൺ ബ്രഹ്മശ്രീ സി. എൻ. നാരായണൻമൂസ് അവർകൾ ഈ ബ്രാഞ്ചിൽവച്ച് രോഗികളെ പരിശോധിച്ച് ചികിത്സ നിശ്ചയിക്കുന്നതാണ്. എല്ലാദിവസങ്ങളിലും ഈ ബ്രാഞ്ചിൽ രോഗികളുടെ സൗകര്യാർത്ഥം ഒരു വൈദ്യൻ ഉണ്ടായിരിക്കും. ബ്രഹ്മശ്രീ ഒളശ്ശ മൂസ് അവർകളുടെ പ്രത്യേക മേൽനോട്ടത്തിൽ തയ്യാർചെയ്യപ്പെടുന്ന എല്ലാവിധ ആയുർവ്വേദ ഔഷധങ്ങളും ഈ ബ്രാഞ്ചിൽനിന്നും ലഭിക്കുന്നതാണ്.

കുമാരനല്ലൂർ ഉത്സവം

ഡിസം: 11 ചൊവ്വാ ആറാട്ട്

(സ്വ-ലേ) കുമാരനല്ലൂർ, ഡി: 10

വൈകിട്ട് 3മണിക്ക് ആറാട്ട് എഴുന്നള്ളിപ്പ്, (ആറാട്ട് എടത്തിൽ മണൽപ്പുറം, നട്ടാശ്ശേരി.) 5-7 ഓട്ടൻതുള്ളൽ-കലാമണ്ഡലം ഗോപിനാഥൻനായർ, 7-8.30 മതപ്രസംഗം-സ്വാമിമംഗളാനന്ദ, 8.30-9.30പ്രഭാഷണം-ഗുരുവായൂരപ്പൻസ്വാമി, 9.30-12 ഹരികഥ-ററി. പി. എൻ. നമ്പൂതിരി ആൻഡ് പാർട്ടി, 12-3.30 ഡാൻസ്-കുന്നക്കാരി നൃത്തകലാലയം.

2-5 ആറാട്ട് തിരിച്ചെഴുന്നള്ളിപ്പ്-നാദസ്വരം-ഏററുമാനൂർ ചെല്ലപ്പപ്പണിക്കർ ആൻഡ് പാർട്ടി, 5 മുതൽ വെടിക്കെട്ട്-വൈക്കം ഗോപാലൻനായർ.

ആകാശവാണി

തിരുവനന്തപുരം—കോഴിക്കോട്—തൃശ്ശൂർ

ഡിസം: 11 ചൊവ്വാ

കാലത്ത് 6.30 വാദ്യസംഗീതം, 6.40 വാർത്തകൾ ഇംഗ്ളീഷിൽ, 6.45 ഉദയഗീതം, 7.5 പരിപാടികളുടെ പുരക്കം, 7.10 സംഗീതം, 7.25 ഇന്നത്തെ ചിന്താവിഷയം, 7.30 വാർത്തകൾ മലയാളത്തിൽ, 7.45 സംഗീതപാഠം, 8 വാർത്തകൾ ഇംഗ്ളീഷിൽ, 8.15 കണ്ഠസംഗീതം, 8.45 സമാപനം.

12,30 വീണ, 1 ഫ്ളൂട്ട്, 1.20 വാർത്തകൾ മലയാളത്തിൽ, 1.30 സുഗമസംഗീതം, 1.40 വാർത്തകൾ ഹിന്ദിയിൽ, 1.50 ലളിതഗാനങ്ങൾ, 2 കാലാവസ്ഥാസമാപനം.

3.30 സ്കൂൾപ്രക്ഷേപണം, 3.50 സമാപനം.

വൈകിട്ട് 5.30 തൊഴിലാളിമണ്ഡലം, 5.55 ലോക്കൽ അറിയിപ്പുകൾ, 6.5 പ്രാദേശികവാർത്തകൾ, 6.15 നാട്ടിൻപുറം, 6 30 റേഡിയോ ഗ്രാമരംഗം, 7 ഭാരതത്തിന്റെ സാംസ്ക്കാരികപാരമ്പര്യത്തിന് ഉത്തരേന്ത്യയുടെ സംഭാവന, 7.10 ചലച്ചിത്രഗാനങ്ങൾ, 7.30 വാർത്തകൾ മലയാളത്തിൽ, 7.45 ഇംഗ്ളീഷിൽ പ്രഭാഷണം, 8 ഡ്രൈവർ-മലയാള പ്രഹസനം, 8.30 വീണ, 8.55 ഡൽഹിയിൽനിന്നും റിലേ, 9 വാർത്തകൾ ഇംഗ്ളീഷിൽ, 9.15 ലളിതഗാനങ്ങൾ, 9.30 ക്ഷേത്രാഷ്ടകം, 10 സമാപനം.

അറിയിപ്പ്

9-12-62-ലെ പത്തനംതിട്ട, വടശ്ശേരിക്കര, മല്ലശ്ശേരി, നെല്ലിക്കാല, കടയനിക്കാട് എന്നീ ഏജൻസികൾക്കുള്ള പത്രക്കെട്ടുകൾ വഴിമദ്ധ്യേ നഷ്ടപ്പെട്ടതായറിയുന്നു. മാന്യവായനക്കാർ ദയവായി ക്ഷമിക്കണം.

മാനേജർ.

രാജ്യരക്ഷാനിധിയിലേക്ക് മെ. ഏ. വി. ജോർജ്ജ് ആൻഡ് കമ്പനി ലിമിററഡിന്റെ സംഭാവനയായ 35,000 ക. ഞായറാഴ്ച തിരുനക്കരമൈതാനത്തു ചേർന്ന സമ്മേളനത്തിൽവച്ച് കമ്പനി മാനേജിംഗ്ഡയറക്ടർ വർക്കിജോർജ്ജ് കേരളമുഖ്യമന്ത്രിയെ ഏല്പിക്കുന്നു.

കോട്ടയത്തെ വമ്പിച്ചചൈനീസ്വിരുദ്ധപ്രകടനം

ഒരുലക്ഷംപേർ ചേർന്നുനടത്തിയ പ്രകടനജാഥയ്ക്കു മുഖ്യമന്ത്രിയും ആരോഗ്യമന്ത്രിയും നേതൃത്വംനൽകി

പണക്കാർ ചെറിയ തുക സംഭാവന നൽകി തൃപ്തിയടഞ്ഞിരിക്കുന്നതു നല്ലതിനല്ലെന്ന് മുഖ്യമന്ത്രി—ചൈനീസാക്രമണത്തെ ചെറുക്കാൻ ജനങ്ങളുടെ ആവേശവും സത്യപ്രതിജ്ഞയും

(സ്വ-ലേ) കോട്ടയം, ഡി: 9

മാതൃഭൂമിയുടെ ഭദ്രതയെ സംരക്ഷിക്കാൻവേണ്ടി സ്വേച്ഛം, ധനം, ജീവനും നൽകാൻ തയ്യാറാണെന്ന് കോട്ടയം ജില്ലയിലെ ജനങ്ങൾ അഗ്നിസാക്ഷിയായി സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നു. ചൈനീസ് ആക്രമണത്തിൽ പ്രതിഷേധിക്കുന്നതിനായി തിരുനക്കര മൈതാനത്തു ചേർന്ന വൻപിച്ച സമ്മേളനത്തിൽവച്ച് മുഖ്യമന്ത്രി ആർ. ശങ്കർ ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞാവാചകം ഏററുപറഞ്ഞുകൊണ്ടാണ് സത്യപ്രതിജ്ഞാകർമ്മം നിർവഹിച്ചത്.

മുഖ്യമന്ത്രി ഭദ്രദീപംകൊളുത്തിക്കൊണ്ട് സത്യവാചകംചൊല്ലി. മുഖ്യമന്ത്രി ചെയ്ത പ്രസംഗത്തിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യം അപകടപ്പെട്ടപ്പോൾ രാജ്യസ്നേഹമുള്ള ഒരു ജനതയ്ക്കു അതു നോക്കിയിരിക്കാൻ സാദ്ധ്യമല്ലെന്നും സ്വാതന്ത്ര്യം സംരക്ഷിക്കാനുള്ള യത്നത്തിൽ കേരളീയരായ നമ്മുടെ പങ്ക് നിർവഹിക്കുന്നതിൽ നാം പിന്നിലായിപ്പോകരുതെന്നും ഓർമ്മിപ്പിച്ചു.

പേരിനുവേണ്ടി എന്തെങ്കിലും ഒരു തുക രാജ്യരക്ഷാഫണ്ടിലേക്കു നൽകിയശേഷം ഒന്നും അറിയാത്തമട്ടിൽ ഇരിക്കുന്ന പണക്കാരെ അദ്ദേഹം കുററപ്പെടുത്തി. അവനവന്റെ കഴിവിനനുസരിച്ച് രാജ്യരക്ഷയ്ക്കുവേണ്ടി എന്തെങ്കിലും കൊടുത്തിട്ടുണ്ടോ എന്ന് ആത്മശോധനചെയ്യാൻ അദ്ദേഹം അവരോട് ആവശ്യപ്പെട്ടു.

കേരളത്തിന്റെ വിഹിതമായി ഒരാൾക്ക് ഒരു രൂപാ എന്ന കണക്കിന് 1 കോടി 70 ലക്ഷം രൂപാ ഈ മാസത്തിൽത്തന്നെ പിരിച്ചെടുക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കരുതെന്നും അവനവന്റെ കഴിവനുസരിച്ച് സംഭാവന നൽകാൻ മുന്നോട്ടുവരണമെന്നും ഉൽബോധിപ്പിച്ചു.

ഡി. സി. സി. പ്രസിഡണ്ട് പി. എം. ജോസഫിന്റെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ ആരോഗ്യമന്ത്രി എം. പി. ഗോവിന്ദൻനായർ, കെ. എം. ചാണ്ടി എന്നിവർ പ്രസംഗിച്ചു. ഡി: കലക്ടർ പത്മകുമാർ സ്വാഗതവും, മുനി: ചെയർമാൻ ടി. കെ. ഗോപാലകൃഷ്ണപ്പണിക്കർ കൃതജ്ഞതയും പറഞ്ഞു.

കോട്ടയംനഗരം ഇതിനുമുൻപ് ദർശിച്ചിട്ടില്ലാത്തവിധം ജാതി, മത, വർഗ്ഗ, സ്ത്രീപുരുഷഭേദമില്ലാതെ പതിനായിരക്കണക്കിന് ആളുകൾ സംബന്ധിച്ച വൻപിച്ച ഒരു പ്രകടനമാണ് ഇന്നിവിടെ നടത്തപ്പെട്ടത്.

മുഖ്യമന്ത്രി ആർ. ശങ്കറും, ആരോഗ്യമന്ത്രി എം. പി. ഗോവിന്ദൻനായരും ജാഥനയിച്ചു.

കൃത്യം 5 മണിക്ക് സി. എം. എസ്. കോളേജ് സ്റ്റേഡിയത്തിൽനിന്നാരംഭിച്ച ജാഥാ ബേക്കർജംഗ്ഷൻ ചുററി നാഗമ്പടം വഴി സിവിൽലൈൻസിനു സമീപംകൂടി കെ. കെ. റോഡിൽ പ്രവേശിച്ച് 6.45-ന് തിരുനക്കര മൈതാനത്ത് എത്തിച്ചേർന്നു.

ജാഥയ്ക്ക് ഏററവും മുൻപിലായി ദേശീയപതാകയും വഹിച്ചുകൊണ്ട് അശ്വാരൂഢനായ ഒരു ഭടൻ യാത്രചെയ്തിരുന്നു. അതിനു പിന്നിലായി എൻ. സി. സി., എ. സി. സി., ഹോംഗാർഡ്സ്, സി. സ്ക്കൗട്ട്സ്, സ്ക്കൗട്ട്സ്; ഗേൾ ഗൈഡ്സ് എന്നീ വിഭാഗങ്ങൾ ബാച്ചുബാച്ചായും മാർച്ചുചെയ്തു. തുടർന്ന് സ്കൂൾവിദ്യാർത്ഥികൾ, കോളേജ്വിദ്യാർത്ഥികൾ, അദ്ധ്യാപകവിദ്യാർത്ഥികൾ, നേഴ്സിംഗ്വിദ്യാർത്ഥികൾ, വനിതകൾ, മന്ത്രിമാർ, കൗൺസിലറന്മാർ, എം. എൽ. എ. മാർ, ഡോക്ടറന്മാർ, ഗവണ്മെൻ്റ് ഉദ്യോഗസ്ഥന്മാർ, തൊഴിലാളികൾ, ബി. എസ്. എസ്. പ്രവർത്തകർ, പൊതുജനങ്ങൾ എന്നിങ്ങനെയാണ് ജാഥയിൽ പങ്കെടുത്തത്. നെററിപ്പട്ടം കെട്ടിയ രണ്ടു ഗജവീരന്മാർ ജാഥയ്ക്കു അകമ്പടിസേവിച്ചു.

യോഗത്തിൽവച്ച് ഡി: ഡിഫൻസ് കമ്മററിയുടെ വകയായി 195000 ക. കലക്ടർ മുഖ്യമന്ത്രിയെ ഏല്പിച്ചു. എ. വി. ജോർജ്ജ് ആൻഡ് കമ്പനിക്കുവേണ്ടി വർക്കിജോർജ്ജ് 35000 ക. യും, എച്ച്. എം. സി. ക്ലബ്ബിനുവേണ്ടി മീരാൻസാഹിബ് 701 ക. യും, പുത്തൻപള്ളിയുടെ വകയായി 101 ക. യും, വിജയപുരം രൂപതവകയായി ഫാദർ വാഴപ്പള്ളി 2500 ക. യും, ചുമട്ടുതൊഴിലാളികൾ 15 ക. യും മുഖ്യമന്ത്രിയെ ഏല്പിച്ചു.

സൂസൻജോസഫ് എന്ന ഒരു പിഞ്ചുബാലിക മുന്നോട്ടുവന്ന് തന്റെ സമ്പാദ്യമായ 1 രൂപ 67 നയാപൈസയും തന്റെ കമ്മലുകളും മുഖ്യമന്ത്രിയെ ഏൽപ്പിച്ച രംഗം ഹൃദയസ്പൃക്കായിരുന്നു. അനവധി സാധനങ്ങൾ ലേലത്തിനു വരികയുണ്ടായി.

പുൽതൈലം

(സ്വ-ലേ) കുറുപ്പംപടി, ഡി: 10

77 സെഡോൾ

ഡസൻ കുപ്പി 125 00

(സ്വ-ലേ) ആലപ്പുഴ, ഡിസം: 10

വെളിച്ചെണ്ണ (കൊച്ചി)		
കപിൻഠൽ	284	00
പിണ്ണാക്ക് ,,	55	00
വെളിച്ചെണ്ണ (ആലപ്പുഴ)	286	00
പിണ്ണാക്ക്	53	00
കൊപ്രാ പുകരാശി	200	00
ടി തെളിവ്	202	00
കുരുമുളക്	781	25
ടി തെക്കൻ	775	00
വൃക്ക്	135	00
മഞ്ഞൾ	130	00
തങ്കം ബാററ്ലാ 10 ഗ്രാം	108	00
ടി മസ്സാ ,,	104	00
പവൻ	85	00
സ്വർണ്ണം 10 ഗ്രാം	103	00
വെള്ളി 100 ,,	195	00
ചില്ലറ 10 ,,	2	15
അഞ്ചുതെങ്ങ്	135	00
അഷ്ടമുടി	95	00
മങ്ങാടൻ	125	00
ആലപ്പാടൻ	120	00
ആറാട്ടുപുഴ	115	00

അരിവില

ചാക്കിന് 78 1/2 കിലോഗ്രാം.		
ബസുകി	43-50	44-00
ഗിർക്കി	44-00	44-50
പച്ചരി	44-00	46-00
നാടൻപുഞ്ച	41-50	45-00
ചമ്പാവ	45-00	47-50

ഉൽഘാടനംചെയ്തു

(പ്ര-ലേ) മാവേലിക്കര, ഡി: 10

വയസ്ക്കര ആയുർവിലാസം ഔഷധശാലയുടെ (കോട്ടയം) ഒരു ബ്രാഞ്ച് 1962 ഡിസംബർ 10-ാംനു- തിങ്കളാഴ്ച മാവേലിക്കര നടക്കാവ് മിച്ചൽ ജംഗ്ഷൻവ്യാപാരസ്മാരകത്തിൽ അനന്തപുരത്തു കൊട്ടാരത്തിൽ എ. രാമവർമ്മ വലിയകോയിത്തമ്പുരാൻ (മാവേലിക്കര വൈദ്യൻതമ്പുരാൻ) ഉൽഘാടനംചെയ്തു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ഇന്ത്യാ-പാക് സംഭാഷണം ഡിസം: 27-ാംനു- ആരംഭിക്കും

(പി-ററി-ഐ)

ന്യൂഡൽഹി, ഡി: 10

ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള ആദ്യത്തെ മന്ത്രിതലത്തിലുള്ള സംഭാഷണം ഡിസം: 27-ാം തീയതി റാവൽപിണ്ടിയിൽവച്ച് ആരംഭിക്കാനിടയുണ്ടെന്ന് അധികൃതരായറിയുന്നു.

ഇന്ത്യൻ പ്രതിനിധിസംഘനേതാവ് കേന്ദ്രറെയിൽവേ മന്ത്രി സ്വരൻസിംഗായിരിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു. പ്രസിഡണ്ട് അയൂബ്ഖാനും പ്രധാനമന്ത്രി നെഹ്രുവുമായുള്ള സമ്മേളനപശ്ചാത്തലം ഈ മന്ത്രിതലത്തിലുള്ള സമ്മേളനത്തിൽ തയ്യാറാക്കപ്പെടുന്നതാണ്.

തീയതിയും സ്ഥലവും നിശ്ചയിച്ചിട്ടില്ലെന്ന് അയൂബ്ഖാൻ

(പി-ടി-ഐ)

കറാച്ചി, ഡിസ: 10

കാശ്മീരിനെസംബന്ധിച്ചു ബന്ധപ്പെട്ട മററുകാര്യങ്ങളെസംബന്ധിച്ചും മന്ത്രിസഭാതലത്തിൽ ഇന്ത്യയും പാകിസ്ഥാനും തമ്മിൽ നടത്തുന്ന ചർച്ചയ്ക്കുള്ള തീയതിയോ സ്ഥലമോ ഇതുവരെ തീരുമാനിക്കപ്പെട്ടിട്ടില്ലെന്ന് പാക് പ്രസിഡണ്ട് അയൂബ്ഖാൻ പ്രസ്താവിച്ചിരിക്കുന്നു.

സൈന്യശക്തി വർദ്ധിപ്പിക്കണം

രാഷ്ട്രപതിയുടെ പ്രസംഗം

(പി-ടി-ഐ)

ഡെറാഡൂൺ, ഡി: 10

നമ്മുടെ പ്രതിരോധത്തിന് ഹിമാലയപർവ്വതം മാത്രം നമുക്കു പോരെന്നും അതുകൊണ്ട് നമ്മുടെ വടക്കേ അതിർത്തി സംരക്ഷിക്കാൻ നമുക്കു സൈന്യശക്തി വർദ്ധിപ്പിക്കേണ്ടതുണ്ടെന്നും രാഷ്ട്രപതി ഡോക്ടർ എസ്. രാധാകൃഷ്ണൻ ഇന്നിവിടെവച്ചു പ്രസ്താവിച്ചിരിക്കുന്നു.

ഡെറാഡൂൺ ഇൻഡ്യൻ മിലിററി അക്കാഡമിയുടെ 13-ാമതു വാർഷികം സംബന്ധിച്ച് പതാക നൽകിക്കൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

ഐ. എൻ. എ.ക്കാരെ സേനയിലെടുക്കും

(പി-ടി-ഐ)

ന്യൂഡൽഹി, ഡിസം: 10

വിമുക്തഭടന്മാർക്കും അവർക്ക് സന്മാർഗ്ഗതയുണ്ടെങ്കിൽ സൈന്യത്തിൽ ചേരാവുന്നതാണെന്ന് കേന്ദ്ര ഡപ്യൂട്ടി പ്രതിരോധമന്ത്രി ഡി. ആർ. ചവാൻ ഇന്നു ലോക്സഭയിൽ പ്രസ്താവിച്ചിരിക്കുന്നു. ഇതരവിമുക്തഭടന്മാർക്കൊപ്പമുള്ള ആനുകൂല്യങ്ങൾ ഇവർക്കും ലഭ്യമാകുന്നതാണെന്നും അദ്ദേഹം ഉടർന്നറിയിച്ചു. ഇതിനെക്കുറിച്ച് എക്സ്. ഐ. എൻ. എ. ആഫീസറന്മാരുടെ അഭിപ്രായങ്ങളെ ഗവ: പരിഗണിക്കുന്നതാണെന്നും കേന്ദ്ര പ്രതിരോധമന്ത്രി വൈ. ബി. ചവാൻ പ്രസ്താവിച്ചു.

Edited, Printed and Published by P. K. Sivaraman Nair B. Sc. B. L. at Swaraj Printing Works for Swaraj Industries (P) Ltd. (In Liquidation.)

കൊളമ്പുസമ്മേളനം ഇന്നലെ ആരംഭിച്ചു

(ഒന്നാം പേജിൽനിന്നു തുടർച്ച)

ത്തപ്പെട്ടു. ഇന്നിതാ, നാമെന്തിനുവേണ്ടിയെല്ലാം നിലനിൽക്കുന്നുവോ, അതിന്റെയെല്ലാം നാരായവേരുകൾ ഉന്മൂലനാശമടയത്തക്കവിധമുള്ള ഒരു വെല്ലുവിളി ഉയർന്നിരിക്കയാണ്. അതുകൊണ്ട് ഈയവസരത്തിൽ ആഫ്രോ-ഏഷ്യൻ ഭൂതയുടെയും ചേരിചേരാനയത്തിന്റെയും നിലനില്പിനുവേണ്ടി ശ്രമങ്ങൾനടത്തുവാനുള്ള കൊളംബോയുടെ പരമ്പരാഗതമായ കർത്തവ്യം ഞങ്ങൾക്കു വീണ്ടും പ്രവർത്തിപഥത്തിലെത്തിക്കേണ്ടിവന്നിരിക്കയാണ്. അതു് ഈയവസരത്തിൽ അനുയോജ്യവുമാണെന്നു നാം വിശ്വസിക്കുന്നു.''

ഉപക്രമപ്രസംഗാനന്തരം സിലോൺപ്രധാനമന്ത്രി ചൈനീസ് പ്രധാനമന്ത്രി ചൗഎൻ ലായിക്ക് അയച്ചുകൊടുത്ത ഒരു സന്ദേശം വായിക്കുകയുണ്ടായി.

ചൌ എൻ ലായിയുടെ സന്ദേശം

കൊളംബോസമ്മേളനത്തിനു സർവവിധത്തിലുള്ള വിജയങ്ങളും പ്രസ്തുത സന്ദേശത്തിൽ ചൌ എൻ ലായി ആശംസിച്ചിട്ടുണ്ട്. ഇന്ത്യയും ചൈനയും തമ്മിലുള്ള കൂടിയാലോചനകൾ പുനരാരംഭിക്കുന്നതിനുള്ള പശ്ചാത്തലമൊരുക്കുവാൻ ആറു് ആഫ്രോ-ഏഷ്യൻ സൗഹൃദരാഷ്ട്രങ്ങൾ ശ്രമിക്കുന്നുവെന്നതു് സന്തോഷകരമാണെന്നു ചൌ എൻ ലായി തന്റെ സന്ദേശത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഘാനായുടെ നിർദ്ദേശം

വെടിനിർത്തൽനിർദ്ദേശത്തോടും അസൈനീകൃത മേഖലാരൂപീകരണ നിർദ്ദേശത്തോടും ഇന്ത്യയും ചൈനയും യോജിക്കണമെന്ന് കൊളംബോ സമ്മേളനത്തിൽ ഘാനാ നിർദ്ദേശമുന്നയിക്കുകയുണ്ടായി. ഇരുരാജ്യങ്ങളും ഒന്നിച്ചുകൂടി അസൈനീകൃതമേഖലയുടെ വിസ്തൃതി നിർണ്ണയിക്കണമെന്നുമാണ് ഘാനാപ്രതിനിധി ആവശ്യപ്പെട്ടതു്. ഈ ഇരുരാജ്യങ്ങൾക്കും ഇതു സംബന്ധിച്ച് യോജിപ്പിലെത്താൻ കഴിയുന്നില്ലെങ്കിൽ പ്രസ്തുത മേഖലയുടെവിസ്തൃതിനിർണ്ണയിക്കാനും ഈ സമ്മേളനത്തിന് അവർ വിട്ടുതരുവാനെങ്കിലും സമ്മതിക്കേണ്ടതാണെന്നും ഘാനാ തുടർന്നാവശ്യപ്പെട്ടു. സമ്മേളനത്തിൽ സംബന്ധിക്കുന്നപ്രതിനിധികളിൽ വ്യക്തവും നിശ്ചിതവുമായ ഒരു നിർദ്ദേശമുന്നയിക്കപ്പെട്ടതു് ഇതു മാത്രമാണ്.

തുടർന്ന് ഇതരരാജ്യങ്ങളിലെ പ്രതിനിധിസംഘങ്ങളുടെ നേതാക്കന്മാരും ഓരോ പ്രാരംഭപ്രസംഗം നടത്തുകയുണ്ടായി.

സമ്മേളനത്തിന്റെ പ്രധാനലക്ഷ്യം ഇന്ത്യയും ചൈനയെയും ഒരുമിച്ചുകൂടി കൂടിയാലോചനകളിലൂടെ അവരുടെ പ്രശ്നം പരിഹരിക്കുവാൻ പാകിയ ഒരു അന്തരീക്ഷമൊരുക്കുകയെന്നുള്ളതാണെന്ന് എല്ലാ പ്രതിനിധിസംഘങ്ങളും ഊന്നിപ്പറയുകയുണ്ടായി.

ഇന്തോനേഷ്യയുടെ പ്രതിനിധിസംഘനേതാവായ ഡോ: സുബന്ദ്രിയോ, ഇന്ത്യാ-ചൈനാ അതിർത്തിപ്രശ്നത്തിൽ ആരാണ് ആക്രമണകാരിഎന്നതുസമ്മേളനം നിശ്ചയിക്കേണ്ടതാണെന്നാവശ്യപ്പെടുകയുണ്ടായി.

ജനറൽ നീവിൻ

ബർമ്മയിലെ ജനറൽ നീവിൻ ഈ പ്രശ്നത്തിനു സമാധാനപരമായ പരിഹാരമുണ്ടാക്കേണ്ടതു് ഇന്ത്യയും ചൈനയും മാത്രമാണെന്നു പ്രസ്താവിച്ചു. ഈ സമ്മേളനം അതിന്റെ സൗമനസ്യം മാത്രമേ ഇക്കാര്യത്തിലുപയോഗിക്കാവൂ എന്നും അദ്ദേഹം പറഞ്ഞു.

ഇതരനിർദ്ദേശങ്ങൾ

കാമ്പോഡിയാപ്രതിനിധി ഈ ഘട്ടത്തിൽ അടിസ്ഥാനപരമായ യാതൊരു നിർദ്ദേശങ്ങളുമില്ലെന്നും എന്നാൽ സമ്മേളനത്തിലെ മററു പ്രതിനിധികളിൽനിന്നുന്നയിക്കപ്പെടുന്ന ''ആവശ്യംപോലെ വിട്ടുവീഴ്ചയോടുകൂടിയ'' നിർദ്ദേശങ്ങളെ താൻ സ്വാഗതംചെയ്യുമെന്നും സിഹാനോക് രാജകുമാരൻ പറഞ്ഞു.

യു. എ. ആർ. പ്രതിനിധിസംഘനേതാവ് ആലിസാബ്രി, ഈ സമ്മേളനം ഇന്ത്യയ്ക്കോ ചൈനയ്ക്കോ ഒരു കോടതിയായിത്തീരുന്നതെന്നും എന്നാൽ ഇരു രാജ്യങ്ങളും തമ്മിൽ സമാധാനപരമായ ഒരൊത്തുതീർപ്പിനു സഹായമേകുകമാത്രമേ ചെയ്യാവൂ എന്നുമുള്ള തന്റെ അഭിപ്രായം വ്യക്തമാക്കുകയുണ്ടായി.

പട്ടം താണുപിള്ള

(പി. ററി. ഐ.)

തിരു: ഡിസമ്പർ 10

പഞ്ചാബ് ഗവർണ്ണർ പട്ടംതാണുപിള്ള ഡിസമ്പർ 14-ാംനു- അച്ചുദിവസം നീണ്ടുനിൽക്കുന്ന ഒരു സ്വകാര്യസന്ദർശനാർത്ഥം ഇവിടെ എത്തുന്നതാണെന്നറിയുന്നു.

ഓർഡിനൻസ് പുറപ്പെടുവിച്ചു

(പി. ടി. ഐ.) തിരു: ഡി: 10

സംസ്ഥാനത്തെ ഭൂരിഭാഗം ഭൂമികൾക്കും ബാധകമാകത്തക്കനിലയിലുള്ള 1960-ലെ കേരള കാർഷികബന്ധനിയമം ഭരണഘടനാവിരുദ്ധമാണെന്നു കാണിച്ച് കേരളാ ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള രണ്ടു വിധിന്യായങ്ങളെ തുടർന്ന്, കുടികിടപ്പുകാർക്കു സംരക്ഷണം നൽകുന്നതിനുവേണ്ടി കേരളാഗവർണ്ണർ ഇന്ന് ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നു.

പാട്ടക്കുടിശിക ഈടാക്കുന്നതിനുള്ള നിയമപരമായ നടപടികളിലും കുടിയൊഴിപ്പിക്കലിലും കുടിയാന്മാർക്ക് ഈ ഓർഡിനൻസു മൂലം സംരക്ഷണം നൽകപ്പെട്ടിരിക്കുന്നു.

കോട്ടയം ഡിസ്ട്രിക്ട് കോ-ഓപ്പറേററീവ് മിൽക്ക് സപ്ലൈസ് യൂണിയൻ ക്ലിപ്തം No. 3482 കോട്ടയം.

സിവിൽസ്റ്റേഷൻ ബ്രാഞ്ച്

(കടക്കുള്ളേരിബിൽഡിംഗ്സ്-കളക്ടറേററിനു പടിഞ്ഞാറുവശം)

3-12-1962-ൽ തുറന്നു പ്രവർത്തനമാരംഭിച്ചിരിക്കുന്നു.

കാച്ചിയ പാൽ, ക്രീൂഡ്മിൽക്ക്, ക്രീൂഡ്തൈരു്, ഐസ്ക്രീം, ഹ്വിപ്പ്ഡ്സലാഡ് തുടങ്ങിയവ ഇവിടെ വിൽക്കപ്പെടും. പാൽ, വെണ്ണ, തയിർ, നെയ്യ് ഇവ ലഭിക്കുന്നതാണ്. വീടുകളിൽ പാൽ ആവശ്യമുള്ളവർക്ക് ക്ലിപ്പൺ ഇവിടെനിന്നും വാങ്ങാവുന്നതാണ്.

കോന്നി ഫാറസ്റ്റ് ഡിവിഷൻ

ക്ലിപ്പ് ലേലപരസ്യം

കോന്നി ഫാറസ്റ്റ് ഡിവിഷനിൽ താഴെ വിവരിക്കുന്ന പ്ലാൻേറഷൻ ക്ലിപ്പിലുള്ള തടികളും വിറകും ശേഖരിച്ചു നീക്കം ചെയ്തുകൊണ്ടുപോകുന്നതിനുള്ള അവകാശം 1962 ഡിസംബർമാസം 21-ാംനു- പകൽ പതിനൊന്നു മണിക്ക് കോന്നി ഡിവിഷനൽ ഫാറസ്റ്റ് ആഫീസിൽവച്ച് പരസ്യമായിലേലം ചെയ്തുകൊടുക്കുന്നതാണ്. ഓ